കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **153/2026** തിരുവനന്തപുരം, തീയതി : **22/07/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ബിഎഡ് പ്രവേശനം - 2026
## കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് **(Aided)** കോളേജുകളിലെ ബിഎഡ് കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന, നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ആദ്യ ഘട്ടത്തിൽ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ഇതിനോടകം അഡ്മിഷൻ നടന്നതിനാൽ ബാക്കിയുള്ള സീറ്റുകളിലേക്കാണ് രണ്ടാം ഘട്ടത്തിൽ അഡ്മിഷൻ നടത്തുന്നത്. ഒഴിവുകളെപ്പറ്റിയുള്ള വിവരങ്ങൾ അതാത് കോളേജിൽ നിന്നും അറിയാവുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ ഉള്ളവർക്കും ഈ ഘട്ടത്തിൽ താല്പര്യമുള്ളപക്ഷം അതാത് കോളേജുമായി ബന്ധപ്പെടാവുന്നതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കാനുള്ള അവസാന തീയതി **24.07.2026.** രജിസ്ട്രേഷൻ പൂർത്തിയാക്കിയ യോഗ്യരായ വിദ്യാർത്ഥികൾ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റ്ഔട്ട് അതാത് എയ്ഡഡ് കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. പൂർത്തിയാക്കിയ ആപ്ലിക്കേഷൻ ഫോമുകൾ കോളേജുകളിൽ സമർപ്പിക്കാനുള്ള അവസാന തീയതി **27.07.2026.**

വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് : (**https://admissions.keralauniversity.ac.in/bed2026**)
ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : bedadmission@keralauniversity.ac.in.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ റഷ്യൻ പഠന വിഭാഗത്തിൽ റഷ്യൻ ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ **(Plus2/Pre-Degree or Higher Degrees)** 2026 ജൂലൈ 27 ന് കേരള സർവകലാശാലയുടെ സെനറ്റ് ഹൗസ്സ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന റഷ്യൻ വിഭാഗത്തിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2026 ഏപ്രിൽ 18 ന് നടത്തിയ ഫംഗ്ഷണൽ തമിഴ് **(Batch III)** പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം വർഷ ബിഎഫ്എ ഇന്റഗ്രേറ്റഡ് ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ആഗസ്റ്റ് 07 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎഡ് (2019 സ്കീം – റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 ജൂലൈ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പരീക്ഷാ രജിസ്ട്രേഷൻ</u>

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎ/ബിഎസ്സി/ബികോം (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പ്രാക്ടിക്കൽ/വൈവവോസി</u>

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവവോസി 2026 ജൂലൈ 27 മുതൽ ആഗസ്റ്റ് 06 വരെയുള്ള തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി (വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രാഫി) പരീക്ഷയുടെ വൈവവോസി 2026 ജൂലൈ 24 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംകോം, എംകോം ഇന്റർനാഷണൽ ട്രേഡ് എന്നീ പരീക്ഷകളുടെ വൈവവോസി 2026 ജൂലൈ 23 മുതൽ 31 വരെയുള്ള തീയതികളിൽ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** <br> **Whats App No. 8547330240** |